പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1109

02-05-2017 ൽ മറുപടിക്ക്

## കൃഷി ഓഫീസ് മുഖേന മൊബൈൽ സന്ദേശങ്ങൾ

| ചോദ്യം<br>ശ്രീ. ആന്റണി ജോൺ | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ കർഷകരിലേക്കെത്തിക്കുന്നതിനായി കൃഷി ഓഫീസ് മുഖേന മൊബൈൽ സന്ദേശങ്ങൾ നൽകുന്ന പ്രവർത്തനം നിലവിലുണ്ടോ; | (എ) ഉണ്ട്.<br>കേന്ദ്ര സർക്കാരിന്റെ http://mkisan.gov.in എന്ന പോർട്ടൽ വഴി മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ എസ്.എം.എസ് ഉം ശബ്ദ സന്ദേശങ്ങളും (Voice Message) കർഷകർക്ക് ലഭ്യമാകുന്നുണ്ട്. |
| ബി) എല്ലാ കൃഷിഭവനുകളിലും പ്രസ്തുത സൗകര്യം നിലവിലുണ്ടോ;<br><br>സി) ഇല്ലെങ്കിൽ മുഴുവൻ കൃഷിഭവനുകളിലും ഇത്തരം മൊബൈൽ സന്ദേശങ്ങൾ നൽകുന്ന പ്രവർത്തനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും ഇല്ല. കൃഷിഭവൻ തലത്തിലുള്ള മൊബൈൽ സന്ദേശങ്ങൾ ഡയറക്ടറേറ്റ്, ജില്ല, ബ്ലോക്ക്തലത്തിൽ നിന്ന് സൗജന്യമായി കേന്ദ്രസർക്കാരിന്റെ mKisan പോർട്ടൽ മുഖാന്തിരം അയയ്ക്കുവാൻ സാധിക്കുന്നു. കൃഷി ഡയറക്ടറേറ്റ്, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസ്, ബ്ലോക്ക്തല അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് എന്നിവിടങ്ങളിൽ നിന്നാണ് mKisan പോർട്ടൽ വഴി മൊബൈൽ സന്ദേശങ്ങൾ അയയ്ക്കുന്നത്. കൃഷിഭവനിലെ സന്ദേശങ്ങൾ ബ്ലോക്ക്തലത്തിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ലോഗ്ഇൻ ചെയ്താണ് നിലവിൽ അയച്ചുകൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ